# Major Archeparchy of Ernakulam-Angamaly

Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.

Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010

E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org


C29-167

**C29/2022/0067**

**20-01-2022**

## പ്രസ്താവന

2021 നവംബർ 28 മുതൽ സീറോ മലബാർ സഭയിൽ ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പിക്കണമെന്ന സിനഡു തീരുമാനം എറണാകുളം-അങ്കമാലി അതിരൂപതയിൽ സൃഷ്ടിച്ച ഗുരുതരമായ അജപാലനപ്രശ്നങ്ങൾ ഞാൻ റോമിൽ പോയി നേരിട്ട് ഫ്രാൻസിസ് മാർപാപ്പയുടെയും ഓറിയന്റൽ കോൺഗ്രിഗേഷന്റെയും ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. മാർപാപ്പയുടെ നിർദ്ദേശമനുസരിച്ച് പൗരസ്ത്യ തിരുസംഘാധ്യക്ഷൻ കാർഡിനൽ ലെയനാർദോ സാന്ദ്രി, ഇത്തരം സാഹചര്യങ്ങളിൽ കാനൻ 1538 പ്രകാരം ഒഴിവ് നൽകാനുള്ള അധികാരം പ്രയോഗിക്കാമെന്ന് കത്തു മുഖേന എന്നെ അറിയിച്ചു. അതിന്റെ വെളിച്ചത്തിലാണ് അതിരൂപത മുഴുവനും നിലനിന്നിരുന്ന അജപാലന പ്രതിസന്ധി പരിഹരിക്കാനായി 2021 നവംബർ 27-ാം തീയതി അതിരൂപതയ്ക്കു മുഴുവനും സിനഡ് തീരുമാനപ്രകാരമുള്ള കുർബാനയർപ്പണ രീതിയിൽ നിന്നും കാനോനിക നിയമം 1538 പ്രകാരം ഒഴിവു നല്കികൊണ്ടുള്ള സർക്കുലർ ഞാൻ അയച്ചത്. എന്നാൽ 2021 ഡിസംബർ 7-നും 2022 ജനുവരി 7-നും, പ്രസ്തുത നിയമമനുസരിച്ച് അതിരൂപത മുഴുവൻ ഒഴിവു നൽകിയതിന്റെ പരിമിതിയെ സൂചിപ്പിച്ചുകൊണ്ട് കാർഡിനൽ ലെയനാർദോ സാന്ദ്രി എനിക്കു കത്തു നൽകുകയുണ്ടായി.

2022 ജനുവരിയിലെ സിനഡ് ഈ നിയമമനുസരിച്ചുള്ള ഒഴിവ് അതിരൂപത മുഴുവൻ പ്രയോഗിക്കുന്നതിന്റെ നിയമപരമായ പരിമിതിയെപ്പറ്റി പ്രസ്താവിക്കുകയും ഈ ഒഴിവ് അതിരൂപത മുഴുവൻ പ്രാബല്യത്തിലാക്കിയത് ഒരു പുതിയ സർക്കുലർ വഴി പരിമിതപ്പെടുത്താൻ എന്നോട് ആവശ്യപ്പെടുകയും ഞാൻ അതു സമ്മതിക്കുകയും ചെയ്തു. എന്നാൽ സിനഡ് അവസാനിക്കുന്നതിനു മുൻപേ അതിരൂപതയിൽ അജപാലന പ്രതിസന്ധികൾ രൂക്ഷമായി. ബ. ബാബു കളത്തിൽ, ബ. ടോം മുള്ളൻചിറ എന്നീ വൈദികരും പ്രകാശ് പി. ജോൺ, എൻ. ഒ. തോമസ് എന്നീ അല്മായ നേതാക്കളും നിരാഹാര സത്യഗ്രഹം ആരംഭിച്ചു. ഇതിനിടയിൽ ഇടവകകളിൽ വൈദികരും വിശ്വാസിസമൂഹവും ജനാഭിമുഖ ബലിയർപ്പണമല്ലാതെ മറ്റൊരു അർപ്പണരീതി സ്വീകരിക്കുകയില്ലായെന്ന് പരസ്യമായി പ്രതിജ്ഞയെടുക്കുകയും ചെയ്തു. കോവിഡ് സാഹചര്യമായിട്ടുപോലും, നിരാഹാരമനുഷ്ഠിക്കുന്നവർക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് അതിരൂപതയിലെ ബഹുഭൂരിപക്ഷം ഇടവകകളിൽ നിന്നും വൈദികരും ജനങ്ങളും അരമനയിൽ വന്നുകൊണ്ടിരിക്കുന്നു.

കഴിഞ്ഞ ഒമ്പതു ദിവസങ്ങളായി തുടരുന്ന നിരാഹാരസമരം ഗുരുതരമായ മനുഷ്യാവകാശപ്രശ്നങ്ങളിലേക്കു കൂടി കടക്കുന്ന സാഹചര്യത്തിൽ സമരം അവസാനിപ്പിക്കണമെന്ന എന്റെ നിരന്തരമായ നിർദ്ദേശം വൈദികരും അല്മായരും പരിഗണിച്ചില്ല. സിനഡ് കുർബാന നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുന്ന സർക്കുലർ ഇറക്കാതിരിക്കുക, ജനാഭിമുഖ കുർബാന അതിരൂപതയിൽ നിയമാനുസൃതമാക്കുക എന്നീ ആവശ്യങ്ങൾ അംഗീകരിക്കുംവരെ നിരാഹാരം തുടരുമെന്നാണ് അവർ എന്നോട് തീർത്തു പറഞ്ഞത്. നിരാഹാരമനുഷ്ഠിക്കുവരുടെ ജീവനെ മാനിച്ചും അതിരൂപതയുടെ പൊതുവികാരം മനസ്സിലാക്കിയും അജപാലന പ്രതിസന്ധി പരിഗണിച്ചും സിനഡ് നിർദ്ദേശമനുസരിച്ചുള്ള കുർബാനയർപ്പണ രീതി നടപ്പിലാക്കണം എന്ന സർക്കുലർ ഈ അതിരൂപതയിൽ പ്രാബല്യത്തിലാക്കുവാൻ സാധിക്കുകയില്ല എന്നു ഞാൻ തിരിച്ചറിയുന്നു. സിനഡിനു ശേഷം രൂപംകൊണ്ട അപ്രതീക്ഷിതവും ഗുരുതരവുമായ ഈ സാഹചര്യം മേജർ ആർച്ച്ബിഷപ്പിനെ ഞാൻ നേരിട്ടും പെർമനന്റ് സിനഡ് അംഗങ്ങളെ ഓൺലൈനിലും അറിയിച്ചു. നിരാഹാരത്തിന്റെയോ അതുവഴി സംഭവിച്ചേക്കാവുന്ന ജീവഹാനിയുടെയോ ഉത്തരവാദിത്തം ഞാൻ ഏറ്റെടുക്കേണ്ടി വരുമെന്ന് ഞാൻ മനസ്സിലാക്കുന്നു. 2022 ജനുവരി 7-ന് കാർഡിനൽ ലെയനാർദോ സാന്ദ്രി എനിക്ക് അയച്ച കത്തിന്, 2022 ജനുവരി 18-ന് ഞാൻ മറുപടി അയച്ചിട്ടുണ്ട്. സിനഡ് നിർദ്ദേശിച്ച പ്രകാരമുള്ള സർക്കുലർ ഇറക്കുന്നത് ഇപ്പോഴത്തെ ഗുരുതര സാഹചര്യത്തിൽ എന്റെ മനസ്സാക്ഷിക്ക് വിരുദ്ധമാണെന്ന ബോധ്യവും അജപാലനപരമായി അനുചിതമായിരിക്കുമെന്നും സെക്രട്ടറി ഓഫ് സ്റ്റേറ്റ് കാർഡിനൽ പീറ്റർ പരോളിനെയും അപ്പസ്തോലിക് ന്യൂൺഷ്യോ ആർച്ച്ബിഷപ്പ് ലെയോപോൾഡ് ജിറെല്ലിയെയും രേഖാമൂലം അറിയിച്ചിട്ടുണ്ട്.

മേൽപറഞ്ഞ ഗൗരവമായ അജപാലന പ്രതിസന്ധി പരിഗണിച്ച് സിനഡ് ആവശ്യപ്പെട്ട പുതിയ സർക്കുലർ പുറപ്പെടുവിക്കാൻ നിർവാഹമില്ല. അതിനാൽ അതിരൂപത മുഴുവൻ തുടരുന്ന ജനാഭിമുഖ കുർബാനയർപ്പണരീതി നിലനില്ക്കുന്നതാണെന്നും ഞാൻ അറിയിക്കുന്നു. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരത്തിനുള്ള നടപടിയുമായി ഞാൻ മുന്നോട്ടു പോകുന്നതാണ്. ഇതിന്റെ വെളിച്ചത്തിൽ നിരാഹാര സമരത്തിൽ നിന്നും ബഹുമാനപ്പെട്ട വൈദികരും അല്മായരും പിന്മാറണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

MAJOR ARCHEPARCHIAL CURIA ERNAKULAM-ANGAMALY

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**

മെത്രാപ്പോലീത്തൻ വികാരി

എറണാകുളം-അങ്കമാലി അതിരൂപത